## കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ, 1960
## വിജ്ഞാപനം

നമ്പർ. എൽ.2103/57 തീയതി, തിരുവനന്തപുരം, 1960 മേയ്, 16.

1908 – ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടിന്റെ (1908–ലെ 16) 69–ാം വകുപ്പ് (1)–ാം ഉപവകുപ്പ് (ബി.ബി.) ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, പ്രസ്തുത വകുപ്പിന്റെ (2)–ാം ഉപവകുപ്പ് ആവശ്യപ്പെടുന്നപ്രകാരം ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത് .–

1. **ചുരുക്കപ്പേര് .**– ഈ ചട്ടങ്ങൾക്ക് കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ, 1960 എന്നു പേർ പറയാം.

2. **ആരംഭം .**– ഈ ചട്ടങ്ങൾ സംസ്ഥാനത്തെ തിരുവിതാംകൂർ–കൊച്ചി പ്രദേശത്ത് 1960 ജൂൺ 1–ാം തീയതി മുതൽക്കും 1956–ലെ സംസ്ഥാന പുനഃസംഘടനാ ആക്ട് (1956–ലെ 37–ാം കേന്ദ്ര ആക്ട് ) 5(2)– ാം വകുപ്പിൽ പരാമർശിക്കപ്പെടുന്ന മലബാർ ജില്ലയിൽ ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന അപ്രകാരമുള്ള തീയതിയിലും പ്രാബല്യത്തിൽ വരുന്നതാണ്.

3.**നിർവ്വചനം .**– ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

(1) **"ആധാരം എഴുത്തുകാരൻ"** എന്നാൽ പ്രമാണങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ അതായത് ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനു വേണ്ടി മുദ്രപത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, കൈമാറ്റാധാരം തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നതും അങ്ങനെയുള്ള ആൾ അതിൽ ഉൾപ്പെടുന്നതുമാകുന്നു.

(2) **"ഫാറം"** എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു.

(3) **"ലൈസൻസ് "** എന്നാൽ ഈ ചട്ടങ്ങൾക്കുകീഴിൽ നൽകപ്പെട്ട ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസ് എന്നോ ഒരു പകർത്തിയെഴുത്തുകാരന്റെ ലൈസൻസ് എന്നോ അർത്ഥമാകുന്നു.

(4) **"ലൈസൻസ് നൽകുന്ന അതോറിറ്റി"** എന്നാൽ 21–ാം ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ലൈസൻസിംഗ് അതോറിറ്റി എന്നർത്ഥമാകുന്നു.

(5) **"പകർത്തിയെഴുത്തുകാരൻ"** എന്നാൽ ഒരു ആധാരമെഴുത്തുകാരനെ പ്രമാണങ്ങൾ തയ്യാറാക്കുന്നതിൽ സഹായിക്കുകയും രജിസ്ട്രേഷനുവേണ്ടി ഹാജരാക്കാനുള്ള പ്രമാണങ്ങൾ (പകർപ്പുകളെന്തെങ്കിലുമുണ്ടെങ്കിൽ അതുൾപ്പെടെ) പകർത്തിയെഴുതുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു.

4. **ലൈസൻസില്ലാത്താളുകൾക്കുള്ള നിരോധനം** – ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസു നൽകപ്പെട്ടിട്ടില്ലാത്ത യാതൊരാളും ഒരു ആധാരമെഴുത്തുകാരന്റെയോ പകർത്തിയെഴുത്തുകാരന്റെയോ തൊഴിലിൽ സ്വയം ഏർപ്പെടുവാൻ പാടില്ലാത്തതാകുന്നു:

എന്നാൽ സംസ്ഥാനത്തെ ഏതെങ്കിലും കോടതിമുമ്പാകെ പ്രാക്ടീസ് ചെയ്യുന്ന ഏതെങ്കിലും അഡ്വക്കേറ്റോ പ്ലീഡറോ ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസ് എടുക്കേണ്ട ആവശ്യമില്ല.

5. **ലൈസൻസ് ആർക്കു നൽകുമെന്ന് .**– ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി,

(എ) ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസ് താഴെപ്പറയുന്നവർക്കു നൽകാവുന്നതാണ്.

(1) ആധാരമെഴുത്തുകാർക്കു ലൈസൻസ് നൽകാനുള്ള പരീക്ഷ പാസായ ഏതെങ്കിലും ആൾക്ക്;

(2) തിരുവിതാംകൂർ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ, 1121, പ്രകാരം തനിക്ക നൽകപ്പെട്ട ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസ് 1951 ഏപ്രിൽ 1 -ാം തീയതി കൈവശമുണ്ടായിരുന്ന ഏതെങ്കിലും ആൾക്ക്;

(3) തിരുവിതാംകൂർ-കൊച്ചി ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ, 1955, പ്രകാരം തനിക്ക നൽകപ്പെട്ട ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസ് കൈവശമുള്ള ഏതെങ്കിലും ആൾക്ക്;

(4) 1955 ജനുവരി 1 -ാം തീയതിക്ക തൊട്ടുമുമ്പുള്ള 5 വർഷത്തിൽ കുറയാത്ത കാലയളവിൽ തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് ഒരു ആധാരമെഴുത്തുകാരനായോ തിരുവിതാംകൂർ പ്രദേശത്ത് ഒരു പകർത്തിയെഴുത്തുകാരനായിട്ടോ, അല്ലെങ്കിൽ ഈ ചട്ടങ്ങളുടെ ആരംഭത്തിനു തൊട്ടുമുമ്പുള്ള 5 വർഷത്തിൽ കുറയാത്ത കാലയളവിൽ മലബാർ പ്രദേശത്ത് ഒരു ആധാരമെഴുത്തുകാരനായിട്ടോ താൻ തുടർച്ചയായി പ്രാക്ടീസ് ചെയ്തു വരുകയായിരുന്നു എന്ന് ലൈസൻസ് നൽകുന്ന അതോറിട്ടിക്ക് ബോദ്ധ്യമാകത്തക്കവണ്ണം തെളിയിക്കുന്ന മറ്റേതെങ്കിലും ആൾക്ക്;

(ബി) ഒരു പകർത്തിയെഴുത്തുകാരന്റെ ലൈസൻസ്, പകർത്തിയെഴുത്തുകാർക്കുള്ള പരീക്ഷ പാസായിട്ടുള്ളതോ അല്ലെങ്കിൽ തിരുവിതാംകൂർ ആധാരമെഴുത്തുകാർക്കുള്ള ലൈസൻസ് ചട്ടങ്ങൾ, 1121 പ്രകാരം തനിക്ക നൽകപ്പെട്ട ഒരു പകർത്തിയെഴുത്തുകാരനുള്ള ലൈസൻസ് 1951 ഏപ്രിൽ 1-ാം തീയതിക്ക കൈവശമുണ്ടായിരുന്നതോ അല്ലെങ്കിൽ തിരുവിതാംകൂർ-കൊച്ചി ആധാരമെഴുത്തുകാർക്കുള്ള ലൈസൻസിംഗ് ചട്ടങ്ങൾ, 1955, പ്രകാരം തനിക്ക നൽകപ്പെട്ട ഒരു പകർത്തിയെഴുത്തുകാരനുള്ള ലൈസൻസ് കൈവശമുള്ളതോ ആയ ഏതെങ്കിലും ആൾക്ക് നൽകാവുന്നതാണ്.

എന്നാൽ, ഗവൺമെന്റിന്, ഉചിതമായ സംഗതികളിൽ, ലൈസൻസ് നൽകുന്ന അതോറിറ്റിയുടെ ശുപാർശയിന്മേൽ, ഏതെങ്കിലും ആളിനെയോ ഏതെങ്കിലും വിഭാഗം ആളുകളെയോ ഈ ചട്ടത്തിലെ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

**6.** 4-ാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്യാവുന്നതൊഴികെയുള്ള മരണപത്രേതര പ്രമാണങ്ങൾ ലൈസൻസുള്ള ആളുകൾ മാത്രമേ തയ്യാറാക്കാൻ പാടുള്ളൂ.

(1) രജിസ്ട്രേഷനുവേണ്ടി ഹാജരാക്കപ്പെടുന്ന അപ്രകാരമുള്ള ഏതൊരു മരണപത്രേതര പ്രമാണവും, ലൈസൻസ് നൽകുന്ന അതോറിറ്റി ഇതിലേക്കായി ലൈസൻസ് നൽകിയിട്ടുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാനത്തെ ഏതെങ്കിലും കോടതി മുമ്പാകെ പ്രാക്ടീസു ചെയ്യുന്ന ഒരു അഡ്വക്കേറ്റോ പ്ലീഡറോ ആയിട്ടുള്ള ഒരു ആധാരമെഴുത്തുകാരന്റെ കാര്യത്തിൽ ലൈസൻസിന്റെ ആവശ്യമില്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും മരണപത്രേതര പ്രമാണം ആധാരമെഴുത്തുകാരനും, പകർത്തിയെഴുത്തുകാരനാരെങ്കിലുമുണ്ടെങ്കിൽ അയാളും,സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലല്ലാതെ രജിസ്ട്രേഷനുവേണ്ടി സ്വീകരിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ഇന്ത്യാ ഗവൺമെന്റോ, ഇന്ത്യാ ഗവൺമെന്റിനുവേണ്ടിയോ അനുകൂലമായോ, അല്ലെങ്കിൽ ഇന്ത്യയിലെ ഒരു സംസ്ഥാന ഗവൺമെന്റോ സംസ്ഥാനഗവൺമെന്റിനുവേണ്ടിയോ അനുകൂലമായോ, അല്ലെങ്കിൽ ഒരു തദ്ദേശാധികാരസ്ഥാനമോ അഥവാ അതിനുവേണ്ടിയോ അനുകൂലമായോ, അല്ലെങ്കിൽ

ഗവൺമെന്റ് ഗസറ്റു വിജ്ഞാപനം മൂലം ഇതിലേക്കായി പ്രത്യേകം പറഞ്ഞിട്ടുള്ള മറ്റ് ഏകാംഗീകൃത നികായങ്ങളോ സ്ഥാപനങ്ങളോ അഥവാ അവയ്ക്കുവേണ്ടിയോ അവയ്ക്കനുകൂലമായോ ഒപ്പിട്ടു പൂർത്തീകരിക്കുന്ന പ്രമാണങ്ങൾക്ക് ഈ ചട്ടത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല:

എന്നുമാത്രവുമല്ല, ഒപ്പിട്ടു പൂർത്തീകരിക്കുന്നവരോ തേർച്ചക്കാരനോ (ക്ലെയിമന്റ്) സ്വയം തയ്യാറാക്കുന്ന ആധാരങ്ങൾക്ക് ഈ ചട്ടത്തിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല

**വിശദീകരണം** :- ഈ ചട്ടത്തിന്റെ ആവശ്യത്തിലേക്ക് "ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആൾ" എന്നാൽ ആധാരത്തിലെ നിബന്ധനകൾക്കുള്ള തന്റെ അനുമതിയുടെ അടയാളമായി

ആ ആധാരത്തിൽ തന്റെ ഒപ്പു പതിക്കുന്ന ഏതെങ്കിലും ആൾ എന്നും "തേർച്ചക്കാരൻ" എന്നാൽ ആധാരത്തിലെ നിബന്ധനകൾ പ്രകാരം ആധാരം അവകാശപ്പെടുവാനുള്ള അവകാശമുള്ള ഏതെങ്കിലും ആൾ എന്നും അർത്ഥമാകുന്നു.

7. **അയോഗ്യത** – താഴെപ്പറയുന്ന ആളുകൾക്ക് ഒരു ലൈസൻസ് നൽകുവാൻ പാടുള്ളതല്ല.

**(എ)** ഒരു മൈനർക്ക്;

**(ബി)** ചിത്തഭ്രമമുള്ളയാളാണെന്ന് തക്ക അധികാരികതയുള്ള ഒരു കോടതിയാൽ പ്രഖ്യാപിക്കപ്പെട്ട ആൾക്ക്.

**(സി)** ബാദ്ധ്യതാവിമുക്തനായിട്ടില്ലാത്ത ഒരു നിർധനനോ അല്ലെങ്കിൽ ബാധ്യതാ വിമുക്തനല്ലാത്ത ഒരു നിർദ്ധനനായിരുന്നിട്ട്, തന്നെ നിർധനനായി വിധിച്ച കോടതിയിൽ നിന്നും തന്റെ നിർധനത്വം തന്റെ ഭാഗത്തു നിന്നുമുള്ള നടപടി ദൂഷ്യമൊന്നും

കൊണ്ടല്ലാതെ ദൗർഭാഗ്യം കൊണ്ട് ഉളവായതാണെന്നുള്ള സർട്ടിഫിക്കറ്റു ലഭിച്ചിട്ടില്ലാത്തവനോ ആയ ആൾക്ക്;

**(ഡി)** ഒരു അഡ്വക്കേറ്റിന്റെയോ പ്ലീഡറുടെയോ സംഗതിയിൽ, അപ്രകാരം പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും തക്ക അധികാരിതയുള്ള ഒരു കോടതി ഉത്തരവുമൂലം ഡിസ്മിസ്സ് ചെയ്യുകയോ സസ്പെൻഡു ചെയ്തിരിക്കുകയോ ചെയ്തിട്ടുള്ള ആൾക്ക് ;

**(ഇ)** ഒരാളെ ഒരു ക്രിമിനൽ കോടതി സാന്മാർഗികാധപതനം ഉൾപ്പെട്ട ഒരു കുറ്റത്തിനു കുറ്റസ്ഥാപനം നടത്തിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ആൾക്ക്, കുറ്റസ്ഥാപനത്തിന്റെ തീയതി മുതൽ മൂന്നു വർഷം കഴിയുകയോ അല്ലെങ്കിൽ ശിക്ഷയുടെ കാലാവധി കഴിയുകയോ, ഇതിൽ ഏതാണോ ഒടുവിൽ കഴിയുന്നത്, അതിനുമുമ്പായി;

**(എഫ്)** ബധിരനും മൂകനുമായ ആൾക്ക്;

**(ജി)** റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം, അയാളുടെ റിട്ടയർമെന്റ് നടപടി ദൂഷ്യത്തിന്റെ ഫലമായിട്ടുണ്ടായതാണെങ്കിൽ അങ്ങനെയുള്ള ആൾക്ക്;

**(എച്ച്)** ഒരാളുടെ ലൈസൻസ് ഏതെങ്കിലും സമയത്ത് റദ്ദാക്കപ്പെടുകയും ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് തക്ക അധികാരസ്ഥാനം അസ്ഥിരപ്പെടുത്തിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാൾക്ക്;

**(ഐ)** സർക്കാർ സേവനത്തിൽ നിന്നും റിട്ടയർ ചെയ്ത ഒരാൾക്ക് അയാളുടെ പെൻഷൻ, അയാളുടെ നടപടി ദൂഷ്യത്തിന്റെയോ ഉപേക്ഷയുടെയോ ഫലമായി പൂർണ്ണമായോ ഭാഗീകമായോ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുകയും അങ്ങനെ പെൻഷൻ തടഞ്ഞു വയ്ക്കപ്പെട്ടത് എത്രകാലയളവിലേക്കാണോ ആ കാലയളവ് കഴിയാതിരിക്കുകയും ചെയ്യുന്ന പക്ഷം.

8. **ലൈസൻസിനുള്ള അപേക്ഷ** – (1) ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസിനുള്ള അപേക്ഷ 'എ' ഫാറത്തിലായിരിക്കേണ്ടതും ഒരു പകർത്തിയെഴുത്തുകാരന്റെ ലൈസൻസിനുള്ള അപേക്ഷ 'ബി' ഫാറത്തിലായിരിക്കേണ്ടതും പുതുക്കലിനുള്ള അപേക്ഷ 'ഐ' ഫാറത്തിലും ആയിരിക്കേണ്ടതാണ്.

(2) അപേക്ഷാ ഫാറങ്ങളുടെ അച്ചടിച്ച കോപ്പികൾ, അപേക്ഷകൻ ശരിയായ മേൽവിലാസമെഴുതിയതും യഥാവിധി സ്റ്റാമ്പൊട്ടിച്ചതുമായ കവർ അയച്ചു കൊടുക്കുന്ന പക്ഷം, ലൈസൻസു നൽകുന്ന അതോറിറ്റിയുടെ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

9. **അപേക്ഷിക്കേണ്ട രീതി**– (1) ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസിനു വേണ്ടിയോ അല്ലെങ്കിൽ ഒരു പകർത്തിയെഴുത്തുകാരന്റെ ലൈസൻസിനുവേണ്ടിയോ അല്ലെങ്കിൽ അതു പുതുക്കുന്നതിനുവേണ്ടിയോ ഉള്ള അപേക്ഷ, അപേക്ഷകൻ ഏത് സബ് രജിസ്ട്രാറുടെ അധികാരിതയിലുള്ള സ്ഥലത്താണോ താമസിക്കുന്നത് ആ സബ് രജിസ്ട്രാർക്കോ അല്ലെങ്കിൽ ഏതു സബ് രജിസ്ട്രാറുടെ ആഫീസിനോടാണോ പ്രാഥമികമായി ബന്ധിപ്പിക്കപ്പെടുവാൻ താൻ ആഗ്രഹിക്കുന്നത് ആ സബ് രജിസ്ട്രാർക്കോ, നേരിട്ടോ, ഏജന്റ് മുഖേനയോ സമർപ്പിക്കുകയോ അല്ലെങ്കിൽ രജിസ്റ്റേർഡ് പോസ്റ്റുവഴി അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

(2) സബ് രജിസ്ട്രാർക്കു ലഭിക്കുന്ന എല്ലാ അപേക്ഷകളും തന്റെ റിമാർക്കു സഹിതം ആ ജില്ലയിലെ രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള അപേക്ഷകളിൽ 23 –ാം ചട്ടപ്രകാരം പുതുക്കിക്കൊടുക്കുന്നതിന് തനിക്ക് ക്ഷമതയില്ലാത്തവ അദ്ദേഹം ബന്ധപ്പെട്ട രജിസ്ട്രേഷൻ ഇൻസ്പെക്ടറുടെ ആഫീസിലേക്കോ അല്ലെങ്കിൽ ലൈസൻസു നൽകുന്ന അതോറിറ്റിക്കോ, അതതു സംഗതിപോലെ, തന്റെ ശുപാർശകൾ സഹിതം അയച്ചുകൊടുക്കേണ്ടതാണ്.

10. **ലൈസൻസു നൽകൽ**– (1) ലൈസൻസ് നൽകുന്ന അതോറിറ്റി അനുവദിച്ച ലൈസൻസ്, ലൈസൻസിനുള്ള അപേക്ഷ ഏതു സബ് രജിസ്ട്രാർക്കാണോ, സമർപ്പിക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്തത് ആ സബ് രജിസ്ട്രാർ വഴി നൽകുന്നതാണ്.

(2) ആധാരമെഴുത്തുകാരന്റെ ലൈസൻസ് 'സി' ഫാറത്തിലും പകർത്തിയെഴുത്തു കാരന്റെ ലൈസൻസ് 'ഡി' ഫാറത്തിലും ആയിരിക്കേണ്ടതാണ്.

(3) ഒരു ലൈസൻസ് നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്യുന്നപക്ഷം, അങ്ങനെയുള്ള നഷ്ടപ്പെടലോ നാശമോ മതിയായ രീതിയിൽ തെളിയിക്കപ്പെട്ടതിന്മേൽ, അതിന്റെ ഒരു ഡ്യൂപ്ലിക്കേറ്റ്, ഓരോന്നിനും അഞ്ചു രൂപ വീതം പിഴ അടച്ചതിനുശേഷം ലൈസൻസിക്കു നൽകാവുന്നതാണ്.

(4) (എ) ഒരു ആധാരമെഴുത്തുകാരനോ പകർത്തിയെഴുത്തുകാരനോ നൽകുന്ന ലൈസൻസ് ഓരോ വർഷവും ജൂൺ ഒന്നാം തീയതിവരെ മാത്രം, അത് ആ തീയതിക്കു മുമ്പ് 3 വർഷത്തേക്ക് പുതുക്കുന്നതിന് വിധേയമായി, പ്രാബല്യത്തിലിരിക്കുന്നതും അങ്ങനെയുള്ള പുതുക്കൽ ഒന്നുകിൽ ലൈസൻസിന് മേൽ പുറത്തെഴുത്തു നടത്തുന്നതു മുഖാന്തിരമോ അല്ലെങ്കിൽ 'ഐ' ഫാറത്തിൽ ലൈസൻസുകാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ലൈസൻസു നൽകുന്ന അതോറിറ്റി നൽകുന്ന പുതുക്കൽ സർട്ടിഫിക്കറ്റ് മുഖാന്തിരമോ ആകാവുന്നതുമാണ്.

(എ എ) പുതുക്കലിനുള്ള അപേക്ഷ ഓരോ വർഷവും മാർച്ച് മാസം ഒന്നാം തീയതിയ്ക്കോ അതിനു മുമ്പോ ബന്ധപ്പെട്ട സബ് രജിസ്ട്രാർക്കു സമർപ്പിക്കേണ്ടതാണ്.

എന്നാൽ ഏതെങ്കിലും വർഷം ഫെബ്രുവരി ഒന്നാം തീയതിക്കും മേയ് മുപ്പത്തിയൊന്നാം തീയതിക്കും ഇടയ്ക്കുള്ള കാലത്തു ലൈസൻസു നൽകപ്പെട്ട ലൈസൻസികളുടെ സംഗതിയിൽ, അതേ വർഷം ജൂലൈ 15 –ാം തീയതിയ്ക്കോ അതിനുമുമ്പോ പുതുക്കലിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) താഴെപ്പറയുന്ന സംഗതികളിൽ ഒരു ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളതല്ല.

(i) ഒരു ലൈസൻസുകാരൻ തന്റെ ലൈസൻസിന്റെ നിബന്ധനകളിലേതിലെങ്കിലും വീഴ്ചവരുത്തുകയോ വരുത്തിയിരിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ ഈ ചട്ടങ്ങളിലെ വ്യവസ്ഥകളിലേതിനേയെങ്കിലും ലംഘിക്കുകയോ അല്ലെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം പാസാക്കിയ ഏതെങ്കിലും ഉത്തരവ് അനുസരിക്കാതിരിക്കുക എന്ന കുറ്റം ചെയ്തതായി കാണുകയോ ചെയ്യുമ്പോൾ, അഥവാ

(ii) ലൈസൻസ് സസ്പെൻഡ് ചെയ്തിരിക്കുന്ന കാലയളവിൽ; അഥവാ

(iii) ലൈസൻസ് നേടിയതിനുശേഷം ലൈസൻസി 7–ാം ചട്ടപ്രകാരം ലൈസൻസ് കിട്ടുന്നതിന് അയോഗ്യനായിത്തീർന്നാൽ:

എന്നാൽ ലൈസൻസു നൽകാനോ പുതുക്കാനോ നിരസിച്ചു കൊണ്ടുള്ള ഉത്തരവിനെതിരെ ഒരു അപ്പീൽ, അങ്ങനെയുള്ള നിരസനത്തിന്റെയോ തള്ളിക്കളയലിന്റെയോ തീയതി മുതൽ രണ്ടു മാസത്തിനുള്ളിൽ ഗവൺമെന്റിലേക്ക് സമർപ്പിക്കാവുന്നതാണ്.

(സി) ഏതെങ്കിലും കാരണവശാൽ നിശ്ചിത തീയതിക്കോ അതിനുമുമ്പോ പുതുക്കലിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ, നിശ്ചിതദിനം അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ വീഴ്ച, ലൈസൻസ് നൽകുന്ന അധികാരസ്ഥൻ മാപ്പാക്കിയിട്ടില്ലാത്ത പക്ഷം, തുടർന്നു വരുന്ന വർഷം പുതുക്കലിനപേക്ഷിക്കുവാൻ ലൈസൻസുകാരന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) അങ്ങനെയുള്ള വീഴ്ച വരുത്തൽ, മതിയായ കാരണം കാണിച്ചതിന്മേലും സാധാരണ പുതുക്കൽ ഫീസിനു പുറമെ പുതുക്കൽ ഫീസിന്റെ രണ്ടിരട്ടിക്കു തുല്യമായ പിഴ ഒടുക്കിയതിന്മേലും,ലൈസൻസു നൽകുന്ന അതോറിറ്റിക്ക് മാപ്പാക്കാവുന്നതാണ്.

11. **ഫീസ്.**– ആധാരമെഴുത്തുകാരുടെയും പകർത്തിയെഴുത്തുകാരുടെയും ലൈസൻസിനുള്ള അപേക്ഷയിന്മേലും അവയുടെ ത്രൈവാർഷിക പുതുക്കലിനും താഴെപ്പറയുന്ന നിരക്കുകളിൽ ഫീസു ചുമത്തേണ്ടതാണ്.

| | ആധാരമെഴുത്തുകാരന്റെ ലൈസൻസ് | പകർത്തിയെഴുത്തുകാരന്റെ ലൈസൻസ്. |
|---|---|---|
| | രൂപ | രൂപ |
| ഒരു ഉപജില്ലയ്ക്കുള്ള ഫീസ് | 100 | 50 |
| ഒരു ജില്ലയ്ക്കുള്ള ഫീസ് | 200 | 100 |
| മുഴുവൻ സംസ്ഥാനത്തിനുമുള്ള ഫീസ് | 1000 | 500 |
| | ആധാരമെഴുത്തുകാരന്റെ ലൈസൻസ് പുതുക്കൽ | പകർത്തിയെഴുത്തുകാരന്റെ ലൈസൻസ് പുതുക്കൽ |
| ഒരു ഉപജില്ലയ്ക്കുള്ള ഫീസ് | 100 | 50 |
| ഒരു ജില്ലയ്ക്കുള്ള ഫീസ് | 200 | 100 |
| മുഴുവൻ സംസ്ഥാനത്തിനുമുള്ള ഫീസ് | 1000 | 500 |
| കുറിപ്പ് :– ലൈസൻസ് ബുക്കിന്റെ വില : ഓരോന്നിനും 100 രൂപ ] | | |

**വിശദീകരണം:**– (1) ഈ ചട്ടത്തിൽ, "ഉപജില്ല" എന്നതിൽ അതേ ടൗണിലോ മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ പ്രദേശത്തോ സ്ഥിതിചെയ്യുന്ന പ്രിൻസിപ്പലോ അഡീഷണലോ താല്ക്കാലികമോ ആയ എല്ലാ രജിസ്ട്രേഷൻ ആഫീസുകളും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ്.

(2) സംയോജിത ആഫീസിന്റെ ഉപജില്ലയിൽ ഉൾപ്പെടുത്തപ്പെട്ട ആഫീസുകളോടു ബന്ധപ്പെട്ട ലൈസൻസുകാരും, ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റിന്റെ 30 –ാം വകുപ്പു പ്രകാരം സംയോജിത ആഫീസിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ട പ്രമാണങ്ങൾ തയ്യാറാക്കാവുന്നതാണ്.

12. **ഫീസ് ഒടുക്കൽ.**– (1) ലൈസൻസു ഫീസും മറ്റു ഫീസുകളും ബന്ധപ്പെട്ട സബ് രജിസ്ട്രാർക്ക് പണമായി നൽകേണ്ടതും അദ്ദേഹത്തിൽ നിന്നും രസീതു വാങ്ങേണ്ടതുമാണ്. അപ്രകാരം പിരിച്ച ഫീസ് സബ് രജിസ്ട്രാർ തന്റെ "ബി" അക്കൗണ്ടിൽ വരവു വയ്ക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് രസീത് നൽകേണ്ടതും ശരിയായ ബജറ്റ് ശീർഷകത്തിൻ കീഴിൽ ആ തുക ട്രഷറിയിൽ അടക്കേണ്ടതുമാണ്.

(2) ലൈസൻസോ അതിന്റെ പുതുക്കലോ നിരസിക്കുന്ന പക്ഷം, ഒടുക്കിയ ഫീസ് അപേക്ഷകനു മടക്കിക്കൊടുക്കേണ്ടതാണ്.

13. **ആധാരമെഴുത്തുകാരുടെ ലൈസൻസിനോടു ബന്ധപ്പെട്ട വ്യവസ്ഥകൾ.-**
ആധാരമെഴുത്തുകാരുടെ ലൈസൻസിനോട് താഴെപ്പറയുന്ന വ്യവസ്ഥകൾ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതായി കരുതേണ്ടതാണ്.

(എ) ആധാരമെഴുത്തുകാർക്ക് ലൈസൻസ് നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ ലൈസൻസുകാരൻ അനുസരിക്കേണ്ടതാണെന്ന്;

(എഎ) അയാൾ, ഒരു ആധാരമെഴുത്തുകാരൻ എന്ന നിലയിൽ ചെയ്ത സേവനങ്ങൾക്കോ തന്റെ ആഫീസുമായി ബന്ധപ്പെട്ട ഏതെങ്കിലും പകർത്തിയെഴുത്തുകാരൻ ചെയ്ത സേവനങ്ങൾക്കോ ഈ ചട്ടങ്ങൾക്കനുബന്ധമായി ചേർത്തിട്ടുള്ള ഫീസു പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള തുകകളിൽ കവിഞ്ഞ ഏതെങ്കിലും ഫീസ് ആവശ്യപ്പെടുകയോ സ്വീകരിക്കാൻ പാടില്ലെന്ന്,

(എഎഎ) അയാൾ തന്റെ ആഫീസിൽ പ്രകടമായി കാണാവുന്ന ഒരു സ്ഥലത്ത് ഫീസു പട്ടിക പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കണമെന്ന്:

എന്നാൽ നിലവിലുള്ള ഒരു ലൈസൻസിന്റെ സംഗതിയിൽ (എഎ), (എഎഎ) എന്നീ വ്യവസ്ഥകൾ അതിന്റെ പുതുക്കലിന്റെ തീയതി മുതൽ മാത്രമേ ബാധകമാവുകയുള്ളൂ.

(ബി) താൻ സൂക്ഷിക്കേണ്ടതാണെന്ന് ഈ ചട്ടങ്ങൾ വിനിർദ്ദേശിക്കുന്നതോ അഥവാ സൂക്ഷിക്കണമെന്ന് ലൈസൻസ് നൽകുന്ന അതോറിറ്റി അതതു സമയം ആവശ്യപ്പെടുന്നതോ ആയ രജിസ്റ്ററുകളും രസീതു ബുക്കുകളും മറ്റു റിക്കാർഡുകളും അയാൾ സൂക്ഷിക്കേണ്ടതാണെന്ന്.

(സി) രജിസ്ട്രേഷൻ ആഫീസുമായി ബന്ധപ്പെട്ട ഏതെങ്കിലും ആളിന്റെ പേരിൽ കക്ഷികളിൽ നിന്നും അയാൾ ഏതെങ്കിലും തുക ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യാൻ പാടില്ലെന്ന്.

(ഡി) കക്ഷികളിൽ നിന്നും താൻ സ്വീകരിക്കുന്ന എല്ലാ തുകകളുടെയും ശരിയും കൃത്യവുമായ കണക്കുകൾ ബോധിപ്പിക്കണമെന്ന്.

(ഇ) അയാൾ പ്രമാണങ്ങൾ വ്യക്തമായും ലൈസൻസു നൽകുന്ന അതോറിറ്റി അതതു സമയം നൽകിയേക്കാവുന്ന നിർദ്ദേശങ്ങൾക്കനുസൃതമായും എഴുതുകയോ എഴുതിക്കുകയോ ചെയ്യണമെന്ന്.

(എഫ്) അയാൾ, കക്ഷികളോടോ അവർ യഥാവിധി അധികാരപ്പെടുത്തിയ ഏജന്റുമാരോടോ മുക്ത്യാർ നാമത്താൽ അധികാരപ്പെടുത്തപ്പെട്ടവരോടോ, രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ, മറ്റേതെങ്കിലും ഏജൻസി മുഖാന്തിരമല്ലാതെ, നേരിട്ട് പ്രമാണങ്ങളോ ഹർജികളോ ഹാജരാക്കുകയോ ഫീസ് ഒടുക്കുകയോ ചെയ്യാൻ നിർദ്ദേശിക്കേണ്ടതാണെന്ന്.

(ജി) അയാൾ പ്രമാണങ്ങൾ ശ്രദ്ധയോടെയും വേണ്ട വിധത്തിലും വ്യക്തവും അർത്ഥ ശങ്കയ്ക്കിടയില്ലാത്തതുമായ പദങ്ങളുപയോഗിച്ചും എഴുതുകയോ എഴുതിക്കുകയോ ചെയ്യണമെന്ന്.

(എച്ച്) രജിസ്ട്രേഷനു വേണ്ടി പ്രമാണങ്ങളോ കോപ്പികളോ തയ്യാറാക്കുകയോ പകർത്തിയെഴുതുകയോ ചെയ്യുന്നതു സംബന്ധിച്ച് ലൈസൻസ് നൽകുന്ന അതോറിറ്റി അതതു സമയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അയാൾ അനുസരിക്കണമെന്ന്.

14. **പകർത്തിയെഴുത്തുകാരുടെ കർത്തവ്യങ്ങൾ.**– ഒരു പകർത്തിയെഴുത്തുകാരൻ.

(എ) വൃത്തിയായും വ്യക്തമായും ശരിയായും എഴുതേണ്ടതും

(ബി) തനിക്കു നൽകപ്പെട്ടിട്ടുള്ള ലൈസൻസിന്റെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

15. **ആധാരമെഴുത്തുകാരൻ പകർത്തിയെഴുത്തുകാരനെന്ന നിലയിൽ .**–
ഒരു ആധാരമെഴുത്തുകാരന്, അയാളുടെ കൈയക്ഷരം വൃത്തിയും വ്യക്തതയുള്ളതാണെങ്കിൽ, ഒരു പകർത്തിയെഴുത്തുകാരന്റെ ലൈസൻസ്, അതിനുള്ള ഫീസ് അടച്ചതിന്മേൽ, അപേക്ഷിക്കാവുന്നതും അതു നേടാവുന്നതുമാണ്.

16. **ആധാരമെഴുത്തുകാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന്** :–ഓരോ സബ് രജിസ്ട്രി ആഫീസിലും, മുഴുവൻ സംസ്ഥാനത്തെയും ബന്ധപ്പെട്ട ജില്ലയിലെയും ഉപജില്ലയിലെയും ആധാരമെഴുത്തുകാരുടെ ലൈസൻസ് നമ്പറുകളും പൂർണ്ണമായ പേരും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

17. **പ്രമാണങ്ങൾ എങ്ങനെ എഴുതണമെന്ന്**– രജിസ്ട്രേഷനു വേണ്ടിയുള്ള പ്രമാണങ്ങൾ തയ്യാറാക്കുന്നതിനുപയോഗിക്കേണ്ട മുദ്രപ്പത്രങ്ങളേയും മറ്റു കടലാസുകളേയും സംബന്ധിച്ച് ലൈസൻസ് നൽകുന്ന അതോറിറ്റി അതതു സമയം നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ആധാരമെഴുത്തുകാരനും പകർത്തിയെഴുത്തുകാരനും അനുസരിക്കേണ്ടതാണ്.

18. **പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തൽ.**– ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും ഒരു പകർത്തിയെഴുത്തുകാരൻ പകർത്തിയെഴുതുന്നതുമായ ഏതൊരു മരണപത്രേതര പ്രമാണവും അവർ താഴെ പറയുന്ന രീതിയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

തയ്യാറാക്കിയത് (ലൈസൻസുള്ള ആധാരമെഴുത്തുകാരന്റെ പൂർണ്ണമായ പേരും ലൈസൻസ് നമ്പറും ഒപ്പും)

പകർത്തിയെഴുതിയത് (ലൈസൻസുള്ള പകർത്തിയെഴുത്തുകാരന്റെ പൂർണ്ണമായ പേരും ലൈസൻസ് നമ്പറും ഒപ്പും)

**കുറിപ്പ് :**– ടൈപ്പ് ചെയ്തതോ, അച്ചടിച്ചതോ ആയ ഒരു പ്രമാണത്തിന്റെ സംഗതിയിൽ, പകർത്തിയെഴുത്തുകാരന്റെ സാക്ഷ്യപ്പെടുത്തൽ ആവശ്യമില്ല.

19. **രജിസ്റ്ററുകൾ ഒരു ആധാരമെഴുത്തുകാരൻ.**–

(1) 'ഇ' ഫാറത്തിൽ ഒരു രജിസ്റ്റർ

(2) 'എഫ്' ഫാറത്തിൽ കൗണ്ടർ ഫോയിലോടുകൂടിയ ഒരു രസീതു ബുക്ക്, എന്നിവ സൂക്ഷിക്കേണ്ടതും താൻ തയ്യാറാക്കിയ ഓരോ പ്രമാണവും സംബന്ധിച്ച ജോലിയിൽ നിന്നും ലഭിച്ച എല്ലാ തുകകൾക്കും രസീതു നൽകേണ്ടതുമാണ്.

20. **റിക്കാർഡുകളുടെ പരിശോധന** :–രജിസ്റ്ററും രസീതു പുസ്തകം വകുപ്പുദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്ക് എല്ലായ്പ്പോഴും വിധേയമായിരിക്കുന്നതും അവർ പരിശോധനയ്ക്കു ശേഷം അവയിൽ ഇനീഷ്യൽ പതിക്കേണ്ടതുമാണ്. ജില്ലാ രജിസ്ട്രാറോ ലൈസൻസു നൽകുന്ന അതോറിറ്റിയോ ആവശ്യപ്പെടുമ്പോൾ ലൈസൻസും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**21. ലൈസൻസു നൽകുന്ന അതോറിറ്റി :-** രജിസ്ട്രേഷൻ ഡയറക്ടറുടെ ആഫീസുമായി ബന്ധിപ്പിക്കപ്പെട്ട രജിസ്ട്രേഷൻ ഡെപ്യൂട്ടി ഡയറക്ടർ (ലൈസൻസിംഗ്) ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്ക് ലൈസൻസ് നൽകുന്ന അതോറിറ്റിയായിരിക്കുന്നതാണ്.

**22. ലൈസൻസു നൽകുന്ന അതോറിറ്റിയുടെ അധികാരവും കർത്തവ്യങ്ങളും.-**

ലൈസൻസ് നൽകുന്ന അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളുണ്ടായിരിക്കുന്നതാണ്:

(എ) ആധാരമെഴുത്തുകാർക്കും പകർത്തിയെഴുത്തുകാർക്കും ലൈസൻസ് നൽകുന്നതിന്,

(ബി) ലൈസൻസുകൾ പുതുക്കി കൊടുക്കുന്നതിന്,

(സി) ഈ ചട്ടങ്ങൾ പ്രകാരം നൽകിയ ലൈസൻസുകൾ റദ്ദാക്കുകയോ, പിൻവലിക്കുകയോ, സസ്പെന്റ് ചെയ്യുകയോ ചെയ്യുന്നതിന്,

(ഡി) ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനു ആവശ്യമായേക്കാവുന്ന അപ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ആധാരമെഴുത്തുകാർക്കും പകർത്തിയെഴുത്തുകാർക്കും നൽകുന്നതിന്.

23. (i) രജിസ്ട്രേഷൻ ഡയറക്ടറുടെ ആഫീസുമായി ബന്ധിപ്പിക്കപ്പെട്ട രജിസ്ട്രേഷൻ ഡെപ്യൂട്ടി ഡയറക്ടർ (ലൈസൻസിംഗ്) ക്ക് സംസ്ഥാന ലൈസൻസുകൾ പുതുക്കിക്കൊടുക്കുന്നതിനധികാരമുണ്ടായിരിക്കുന്നതാണ്.

(ii) ഒരു ഡിസ്ട്രിക്ട് രജിസ്ട്രാർക്ക് തന്റെ ജില്ലയിലേക്കുള്ള ലൈസൻസും തന്റെ ജില്ലയ്ക്കുള്ളിലുള്ള രണ്ടോ അതിലധികമോ ഉപജില്ലകളിലേക്കുള്ള ലൈസൻസും പുതുക്കി കൊടുക്കുന്നതിനധികാരമുണ്ടായിരിക്കുന്നതാണ്.

(iii) ഒരു സബ് രജിസ്ട്രാർക്ക് തന്റെ ഉപജില്ലയിലേക്കുള്ള ലൈസൻസ് പുതുക്കി കൊടുക്കാനധികാരമുണ്ടായിരിക്കുന്നതാണ്.

**24. ലൈസൻസ് നൽകുന്ന അതോറിറ്റി താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് .-**

(1) ആധാരമെഴുത്തുകാർക്കായി "ജി" ഫാറത്തിലുള്ള ഒരു രജിസ്റ്റർ
(2) പകർത്തിയെഴുത്തുകാർക്കായി "എച്ച്" ഫാറത്തിലുള്ള ഒരു രജിസ്റ്റർ

**25. ആധാരമെഴുത്തുകാരുടെ ലൈസൻസു നൽകാനുള്ള പരീക്ഷ .-**

(1) "ആധാരമെഴുത്തുകാരുടെ ലൈസൻസു നൽകാനുള്ള പരീക്ഷ" എന്നു പേരുവിളിക്കേണ്ടതായ ഒരു പരീക്ഷ ലൈസൻസു നൽകുന്ന അതോറിറ്റി നടത്തേണ്ടതാണ്. പരീക്ഷ നടത്തുന്ന സമയവും സ്ഥലവും പരീക്ഷാർത്ഥികളെ ഏതു ഭാഷയിലായിരിക്കും. പരീക്ഷിക്കുന്നതെന്നുള്ളതും ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

എന്നാൽ ഒരു പരീക്ഷ നടത്തുന്നതിനായി ഈ ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാലയളവ്, 27 -ാം ചട്ടം (1)-ാം ഉപ ചട്ടത്തിന്റെ പരിമിതി വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ ഉള്ള പകർത്തിയെഴുത്തു ലൈസൻസിക്കു വേണ്ടി നടത്തുന്ന, ആധാരമെഴുത്തുകാർക്ക് ലൈസൻസ് നൽകുവാനുള്ള പരീക്ഷയുടെ കാര്യത്തിൽ ബാധകമായിരിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഒരു പരീക്ഷ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിൽ നടത്തേണ്ടതുമാണ്.

(2) ഈ പരീക്ഷ മുദ്രപത്രരജിസ്ട്രേഷൻ നിയമങ്ങളെ സംബന്ധിച്ച ഒരു പരീക്ഷയും കൈമാറ്റാധാരങ്ങൾ എഴുതുന്നതിലും പ്രമാണങ്ങളുടെ നക്കലുകൾ തയ്യാറാക്കുന്നതിലുള്ള പരീക്ഷയും ലൈസൻസു നൽകുന്ന അതോറിറ്റി വിനിർദ്ദേശിച്ചേക്കാവുന്ന മറ്റേതെങ്കിലും വിഷയവും അടങ്ങിയതായിരിക്കേണ്ടതാണ്.

(3) ഗസറ്റിൽ വിജ്ഞാപനം ചെയ്യേക്കാവുന്ന അപ്രകാരമുള്ള സമയങ്ങളിലും രീതികളിലും പരീക്ഷ നടത്തേണ്ടതാണ്.

(4) ആധാരമെഴുത്തുകാരുടെ ലൈസൻസു നൽകുന്നതിനുള്ള പരീക്ഷയിലേക്കുള്ള പ്രവേശനത്തിനു വേണ്ടിയുള്ള ഓരോ അപേക്ഷയ്ക്കും (150 രൂപ) പരീക്ഷ ഫീസു വസൂലാക്കേണ്ടതാണ്.

(5) 27 – ാം ചട്ടം (1)–ാം ഉപചട്ടത്തിന്റെ പരിമിതി വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ ഉള്ള പകർത്തിയെഴുത്തു ലൈസൻസിക്കുവേണ്ടി നടത്തുന്ന, ആധാരമെഴുത്തുകാർക്ക് ലൈസൻസ് നൽകുവാനുള്ള പരീക്ഷയിലേക്ക് പ്രവേശനത്തിനുള്ള ഓരോ അപേക്ഷയ്ക്കും പരീക്ഷാഫീസായി 700 രൂപ (എഴുനൂറ് രൂപ മാത്രം) വസൂലാക്കേണ്ടതാണ്.

26. **പകർത്തിയെഴുത്തുകാരനുള്ള പരീക്ഷ.–** (1) ലൈസൻസു നൽകുന്ന അധികാരസ്ഥന് താൻ നിർണ്ണയിക്കുന്ന അപ്രകാരമുള്ള സമയങ്ങളിലും രീതിയിലും പകർത്തിയെഴുത്തുകാർക്കുള്ള ഒരു പരീക്ഷ നടത്താവുന്നതാണ്, പരീക്ഷയുടെ തീയതിയും സ്ഥലവും ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) ഈ പരീക്ഷ പ്രമാണങ്ങൾ പകർത്തിയെഴുതുന്നതുമായി ബന്ധപ്പെട്ടതായിരിക്കേണ്ടതാണ്.

(3) പകർത്തിയെഴുത്തുകാർക്കുള്ള പരീക്ഷയിലേയ്ക്കുള്ള പ്രവേശനത്തിനു വേണ്ടിയുള്ള ഓരോ അപേക്ഷയ്ക്കും (100) രൂപ പരീക്ഷാ ഫീസ് വസൂലാക്കേണ്ടതാണ്.

27. **യോഗ്യതകൾ** :– (1) എസ്. എസ്. എൽ. സി. പരീക്ഷയിലെയോ തത്തുല്യമായ ഒരു പരീക്ഷയിലെയോ വിജയം ആധാരമെഴുത്തുകാർക്ക ലൈസൻസ് നൽകാനുള്ള പരീക്ഷയിലേക്കുള്ള പ്രവേശനത്തിന് ഏറ്റവും കുറഞ്ഞ യോഗ്യതയായിരിക്കുന്നതാണ്:

എന്നാൽ എസ്. എസ്. എൽ. സി. യോ അതിനു തത്തുല്യമായിട്ടുള്ളതോ പാസായിട്ടില്ലാത്തതും 2011 –ലെ ആധാരമെഴുത്തുകാരുടെ ലൈസൻസ് (ഭേദഗതി) ചട്ടങ്ങളുടെ ആരംഭ തീയതിയിലെ നിലയ്ക്ക് പകർത്തിയെഴുത്തു ലൈസൻസ് നേടിയതിനുശേഷം ആ നിലയ്ക്കു പത്തു വർഷം തുടർച്ചയായി പ്രാക്ടീസ് ചെയ്തിട്ടുള്ളതുമായ ഒരു പകർത്തിയെഴുത്തുലൈസൻസുകാരന്, മേൽപറഞ്ഞ യോഗ്യത കണക്കിലെടുക്കാതെയും പരീക്ഷയ്ക്കു വേണ്ടിയുള്ള തന്റെ അപേക്ഷ ഏതു സബ് രജിസ്ട്രാർ വഴിയാണോ താൻ സമർപ്പിക്കുന്നത് ആ സബ് രജിസ്ട്രാർ, അപ്രകാരമുള്ള തുടർച്ചയായിട്ടുള്ള പ്രാക്ടീസിന്റെ വസ്തുത സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും, ഒരു ഒറ്റത്തവണ നടപടിയെന്ന നിലയിൽ നടത്തിയേക്കാവുന്ന ആധാരമെഴുത്തുകാരന് ലൈസൻസ് നൽകുന്നതിനുള്ള പരീക്ഷയിലേക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) എസ്. എസ്. എൽ. സി.യോ അതിനു തത്തുല്യമോ ആയ ഒരു പഠനം പകർത്തി യെഴുത്തുകാരന്റെ പരീക്ഷയിലേക്കുള്ള പ്രവേശനത്തിന് ഏറ്റവും കുറഞ്ഞ യോഗ്യതയായിരിക്കേണ്ടതും ആണ്.

(3) ആധാരമെഴുത്തുകാരന്റെയോ പകർത്തിയെഴുത്തുകാരന്റെയോ ലൈസൻസിനുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന ഒരു പരീക്ഷാർത്ഥിയ്ക്ക് അപേക്ഷയുടെ തീയതിയിൽ 18 വയസ്സ പൂർത്തിയായിരിക്കേണ്ടതാണ്, ജനനത്തീയതിയുടെയും വിദ്യാഭ്യാസ യോഗ്യതയുടെയും

തെളിവായി ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്കൂൾ റിക്കാർഡുകളുടെ പകർപ്പുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

(4) നിർദ്ദിഷ്ട യോഗ്യതകൾ, ലൈസൻസുനൽകുന്ന അതോറിറ്റിയുടെ ശുപാർശയിന്മേൽ ഗവൺമെന്റ് നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള മാറ്റങ്ങൾക്കു വിധേയമായിരിക്കുന്നതാണ്.]

**28. അപേക്ഷ.** ആധാരമെഴുത്തുകാരന്റെ ലൈസൻസിനുള്ള പരിക്ഷയ്ക്കോ പകർത്തിയെഴുത്തുകാരന്റെ പരീക്ഷയ്ക്കോ ഉള്ള അപേക്ഷ, ഗസറ്റിൽ വിജ്ഞാപനം ചെയ്തേയ്ക്കാക്കാവുന്ന അപ്രകാരമുള്ള അതോറിറ്റിയ്ക്ക് അങ്ങനെയുള്ള രീതിയിലും ഫാറത്തിലും അയച്ചു കൊടുക്കേണ്ടതാണ്.

**28എ. സർട്ടിഫിക്കറ്റ് നൽകൽ --(1)** ആധാരമെഴുത്തുകാരുടെ ലൈസൻസു നൽകുന്നതിനുള്ള പരീക്ഷയൊ പകർത്തിയെഴുത്തുകാർക്കുള്ള പരീക്ഷയോ പാസ്സായ ആളുകൾക്ക്, ലൈസൻസ് നൽകുന്ന അതോറിറ്റി, ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(2) (1)-ാം ഉപചട്ടത്തിൻ കീഴിൽ നൽകപ്പെട്ട ലൈസൻസ് നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്യുന്ന പക്ഷം അപ്രകാരം നഷ്ടപ്പെടുകയൊ നശിച്ചുപോകുകയൊ ചെയ്തതിന്റെ മതിയായ തെളിവിന്മേൽ, സർട്ടിഫിക്കറ്റിന്റെ ഒരു ഡ്യൂപ്ലിക്കേറ്റ്, നൂറു രൂപ പിഴ ഒടുക്കിയതിന്മേൽ, അപേക്ഷകനു നൽകാവുന്നതാണ്.

(3) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എല്ലാ അപേക്ഷകർക്കും, യാതൊരു സമയപരിധിയും കൂടാതെ നൽകേണ്ടതാണ്.

**29. ആധാരമെഴുത്തുകാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യൽ.** ഈ ചട്ടങ്ങൾ പ്രകാരം ഒരു ആധാരമെഴുത്തുകാരനു നൽകപ്പെട്ട ഒരു ലൈസൻസ് അയാൾ--

i) 19- ാം ചട്ടം ആവശ്യപ്പെടുന്ന പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലോ ക്രമമായി രസീതുകൾ നൽകുന്നതിലോ വീഴ്ചവരുത്തുകയോ.,

(ii) ഒരു മദ്ധ്യ വർത്തിയായി പ്രവർത്തിക്കുകയോ.,

(iii) ഈ ചട്ടങ്ങളിലെ വ്യവസ്ഥകളോ തന്റെ ലൈസൻസിന്റെ ഏതെങ്കിലും നിബന്ധനയോ ലംഘിക്കുകയോ അല്ലെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം നിയമാനുസൃതമായി പാസാക്കപ്പെട്ട ഏതെങ്കിലും ഉത്തരവു അനുസരിക്കാതിരുന്നതായി കാണുകയോ.,

(iv) രജിസ്ട്രേഷൻ ആഫീസുകളുമായി ബന്ധപ്പെട്ട സ്റ്റാഫുമായിട്ടുള്ള ഏതെങ്കിലും നിയമവിരുദ്ധമായ കൊടുക്കൽ വാങ്ങലുകൾക്കോ ഇടപാടുകൾക്കോ പ്രേരണ നൽകുകയോ അവയിൽ പങ്കെടുക്കുകയോ ചെയ്തതായി കാണുകയോ;

(v) രജിസ്ട്രേഷൻ ആഫീസിൽ വച്ച് അനുചിതമായി പ്രവർത്തിക്കുകയോ പെരുമാറുകയോ ചെയ്യുകയോ ചെയ്യുന്നപക്ഷം സസ്പെന്റ് ചെയ്യപ്പെടാവുന്നതാണ്.

**30. ആധാരമെഴുത്തുകാരന്റെ ലൈസൻസ് റദ്ദു ചെയ്യൽ.**- ഈ ചട്ടങ്ങൾ പ്രകാരം ആധാരമെഴുത്തുകാരനു നൽകപ്പെട്ട ലൈസൻസ് താഴെപ്പറയുന്ന സംഗതികളിൽ റദ്ദു ചെയ്യാവുന്നതാണ്.

(1) തുടർച്ചയായി രണ്ടു വർഷത്തിനിടയിൽ അയാളുടെ ലൈസൻസ് മൂന്നുതവണ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ

എന്നാൽ ഫീസിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള തുകയിൽ കവിഞ്ഞ ഫീസ് ആവശ്യപ്പെടുകയോ കൈപ്പറ്റുകയോ ചെയ്തതിനാൽ ലൈസൻസ് സസ്പെന്റ് ചെയ്യപ്പെട്ട സംഗതിയിൽ തുടർച്ചയായ രണ്ടു വർഷത്തിനിടയിൽ രണ്ടു തവണ ലൈസൻസ് സസ്പെന്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതു റദ്ദു ചെയ്യാവുന്നതാണ്.

(2) 7– ാം ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും കാരണത്താൽ അയാൾ അയോഗ്യനായിത്തീരുകയാണെങ്കിൽ.

**31. അനുചിതമായ നടപടിയോ പെരുമാറ്റദൂഷ്യമോ കാരണം ലൈസൻസ് സസ്പെന്റ് ചെയ്യൽ. –** (1) ഈ ചട്ടങ്ങൾ പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസ് രജിസ്ട്രേഷൻ ആഫീസിൽ വച്ച് ലൈസൻസുകാരൻ നടത്തുന്ന അനുചിതമായ നടപടിയോ പെരുമാറ്റ ദൂഷ്യമോ കാരണം സസ്പെന്റ് ചെയ്യാവുന്നതാണ്.

(എ)

(ബി) ജില്ലാ രജിസ്ട്രാർക്ക്, ഒരു സമയം മൂന്നു മാസത്തിൽ കവിയാത്ത ഒരു കാലയളവിലേയ്ക്ക്

(സി) രജിസ്ട്രേഷൻ ഡെപ്യൂട്ടി ഡയറക്ടർ (മേഖല) ഒരു സമയം ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേയ്ക്ക്.

(2) (1) – ാം വകുപ്പ് പ്രകാരമുള്ള ഒരു സസ്പെൻഷനെതിരെയുള്ള അപ്പീലുകൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സമർപ്പിക്കേണ്ടതാണ്.

**32. ലൈസൻസുകളെ സംബന്ധിച്ച് ലൈസൻസ് നൽകുന്ന അതോറിറ്റിക്കുള്ള അധികാരങ്ങൾ–** ഈ ചട്ടങ്ങൾ പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസ് ലൈസൻസ് നൽകുന്ന അതോറിറ്റിയ്ക്ക് ഏതു കാലയളവിലേയ്ക്ക് വേണമെങ്കിലും സസ്പെന്റ് ചെയ്യുകയൊ അല്ലെങ്കിൽ അങ്ങലനെയുള്ള ലൈസൻസ് റദ്ദ് ചെയ്യുകയൊ ചെയ്യാവുന്നതാണ്.

**33. അപ്പീലുകൾ –** ഈ ചട്ടങ്ങൾ പ്രകാരം നൽകപ്പെട്ട ഒരു ആധാരമെഴുത്തുകാരന്റെ ലൈസൻസ് സസ്പെന്റ് ചെയ്തു കൊണ്ടോ റദ്ദു ചെയ്തുകൊണ്ടോ ഉള്ള ഏതെങ്കിലും ഉത്തരവിനെതിരെ ഗവൺമെന്റ് മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

**34.**“തിരുവിതാംകൂർ–കൊച്ചി ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ, 1955“ ഇതിനാൽ റദ്ദു ചെയ്യപ്പെട്ടിരിക്കുന്നു.

എന്നാൽ അങ്ങനെ റദ്ദു ചെയ്യപ്പെട്ട ചട്ടങ്ങൾ പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ഉത്തരവോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ചട്ടങ്ങളിലെ തൽസ്ഥാനീയമായ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയതായൊ എടുത്തതായൊ കരുതപ്പെടേണ്ടതാണ്.

## ആധാരമെഴുത്തുകാരുടെ ഫീസ് പട്ടിക
( പതിമൂന്നാം ചട്ടം കാണുക )

| 1. ആധാരം എഴുത്തുകാരന്റെ ഫീസ് | എറ്റവും കൂടിയ ഫീസ് രൂപ |
|---|---|
| i പ്രമാണത്തിൽ കാണിച്ചിട്ടുള്ള മൂല്യമോ പ്രതിഫലമോ 7,500 രൂപയിൽ കവിയാതിരിക്കുമ്പോൾ | 400 |
| II അങ്ങനെയുള്ള മൂല്യം 7,500 രൂപയിൽ കവിയുകയും 12,500 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 500 |
| iii അങ്ങനെയുള്ള മൂല്യം 12,500 രൂപയിൽ കവിയുകയും 20,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 600 |
| iv അങ്ങനെയുള്ള മൂല്യം 20,000 രൂപയിൽ കവിയുകയും 30,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 700 |
| v അങ്ങനെയുള്ള മൂല്യം 30,000 രൂപയിൽ കവിയുകയും 50,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 900 |
| vi അങ്ങനെയുള്ള മൂല്യം 50,000 രൂപയിൽ കവിയുകയും 75,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 1,300 |
| vii അങ്ങനെയുള്ള മൂല്യം 75,000 രൂപയിൽ കവിയുകയും 1,00,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 1,700 |
| viii അങ്ങനെയുള്ള മൂല്യം 1,00,000 രൂപയിൽ കവിയുകയും 1,50,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 2,000 |
| ix അങ്ങനെയുള്ള മൂല്യം 1,50,000 രൂപയിൽ കവിയുകയും 2,00,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 3,000 |
| x അങ്ങനെയുള്ള മൂല്യം 2,00,000 രൂപയിൽ കവിയുകയും 3,00,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 4,000 |
| xi അങ്ങനെയുള്ള മൂല്യം 3,00,000 രൂപയിൽ കവിയുകയും 5,00,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 5,000 |
| xii അങ്ങനെയുള്ള മൂല്യം 5,00,000 രൂപയിൽ കവിയുകയും 7,00,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 6,000 |
| xiii അങ്ങനെയുള്ള മൂല്യം 7,00,000 രൂപയിൽ കവിയുകയും 8,00,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുമ്പോൾ | 7,000 |

xiv അങ്ങനെയുള്ള മൂല്യം 8,00,000 രൂപയിൽ കവിയുമ്പോൾ

7,500

xv ആക്ടിന്റെ 78ാംവകുപ്പ് പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള

ഫീസു പട്ടികയിൽ 1(v) ാം ഖണ്ഡത്തിൽ കീഴിൽ വരുന്ന ഒരു പ്രമാണം തയ്യാറാക്കുന്നതിന്

200

(xvi) സ്വത്തുവിവരപ്പട്ടിക അഞ്ചിലധികം ഇനങ്ങൾ ഉൾക്കൊള്ളുന്നതാണെങ്കിൽ മുകളിൽ വിനിർദ്ദേശിക്കപ്പെട്ട ഫീസ് കൂടാതെ, ഓരോ ഇനത്തിനും അതിന്റെ ഭാഗത്തിനും 30 രൂപ (മുപ്പത് രൂപ )അധികം ഈടാക്കാവുന്നതാണ്.

(xvii) താഴെപ്പറയുന്ന പ്രമാണങ്ങളുടെ സംഗതിയിൽ, അതായത്

(1) സ്ഥാവര സ്വത്തിനെ സംബന്ധിച്ച കരാർ.

(2) ഉടമസ്ഥാവകാശപ്രമാണം നിക്ഷേപിക്കുകയോ പണയപ്പെടുത്തലോ പ്ളെഡ്ജ് ചെയ്യലോ സംബന്ധിച്ച കരാറുകൾ.

(3) ഒരു അധികാരത്തിന്റെ നിർവ്വഹണത്തിലുള്ള നിയമനം.

(4) അവാർഡുകൾ,

(5) ചിട്ടി അല്ലെങ്കിൽ കുറിപണയം.

(6) ഒത്തുതീർപ്പാധാരം.

(7) ഭാഗപത്രം

(8) പാർട്ട്ണർഷിപ്പ്, പാർട്ട്ണർഷിപ്പ് പിരിച്ചുവിടലുൾപ്പെടെ

(9) ധനനിശ്ചയം.

(10) ട്രസ്റ്റ്

(i) മുതൽ (xv) വരെ ഇനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഫീസ് 25 ശതമാനം വരുന്ന

ഒരു അധിക ഫീസുകൂടി ഈടാക്കാവുന്നതാണ്.

**2. പകർത്തിയെഴുത്തുകാരന്റെ ഫീസ്:**– പകർത്തിയെഴുത്തുകാരന്റെ ഫീസ് അയാൾ പകർത്തിയെഴുതിയ പേജുകളുടെ എണ്ണത്തിനനുസൃതമായിട്ടായിരിക്കുന്നതാണ്.

അയാൾ പകർത്തിയെഴുതിയ, താഴെപ്പറയുന്ന പ്രമാണങ്ങളുടെ ഓരോ പേജിനും അതിന്റെ ഭാഗത്തിനും (ഒരു പേജ് എന്നാൽ ഏറ്റവും കുറഞ്ഞ 100 വാക്കുകൾഎന്നർത്ഥമായിരിക്കും) 10 രൂപ (പത്തു രൂപ മാത്രം) ഫീസ് ഈടാക്കാവുന്നതാണ്.

(1) അസൽ പ്രമാണങ്ങൾ, (2) ഡ്യൂപ്ലിക്കേറ്റുകൾ, (3) പോക്കുവരവ് (4) പ്രമാണങ്ങളുടെ മറ്റു രേഖകൾ,

ഫയൽ ചെയ്യേണ്ടതായ ശരിപ്പകർപ്പുകൾക്ക്, കോപ്പിയിംഗ് ഷീറ്റിന്റെ ഓരോ പേജിനും അതിന്റെ ഭാഗത്തിനും 20 രൂപ (ഇരുപതുരൂപ മാത്രം) എന്ന ഏക രൂപമായ നിരക്കിൽ ഏറ്റവും കുറഞ്ഞത് 30 രൂപ (മുപ്പതു രൂപ) എന്നതിനു വിധേയമായി. ഈടാക്കാവുന്നതാണ്. (ഒരു പേജ് എന്നാൽ ഏറ്റവും കുറഞ്ഞത് 250 വാക്കുകൾ എന്നർത്ഥമായിരിക്കും.)

## ഫാറം എ

ചട്ടം 8 കാണുക

## ആധാരം എഴുത്തുകാരുടെ ലൈസൻസിനുള്ള അപേക്ഷ

1. അച്ഛന്റെ (അമ്മയുടെയോ കാരണവന്റെയോ) പേരു സഹിതമുള്ള മുഴുവൻ പേര്

**മേൽവിലാസം:**– സ്ഥിരം മേൽവിലാസം, വീടിന്റെ പൂർണ്ണവിവരങ്ങളോട് കൂടിയ സ്ഥലം മേൽവിലാസം

2. കര, താലൂക്ക്, ടൗണിൽ മുനിസിപ്പൽ വീട്ടുനമ്പർ എന്നിവയുണ്ടെങ്കിൽ അവയുടെ പേരും മറ്റു കേസുകളിൽ സെൻസസ് നമ്പരും.

3. വയസ്സും ജനനത്തീയതിയും (ക്രിസ്തുവർഷത്തിൽ)

4. ജാതിയോ പൗരത്വമോ

5. വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിൽ., ആധാരം എഴുത്തുകാരുടെ ലൈസൻസിനുള്ള പരീക്ഷ ജയിച്ചോ എന്ന്

6. കഴിഞ്ഞ ഒരു കൊല്ലക്കാലം രജിസ്ട്രാക്കാൻ തയ്യാറാക്കി സമർപ്പിക്കപ്പെട്ട ആധാരങ്ങളുടെ ഏകദേശ എണ്ണത്തോടുകൂടി ആധാരം എഴുത്തുകാരൻ എന്ന നിലയിലുള്ള സേവനം

7. അഡ്വക്കേറ്റോ പ്ലീഡറോ അല്ലെങ്കിൽ പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാരനോ ബാറിലോ, സർക്കാരിലോ ഉള്ള സേവനദൈർഘ്യം മുതലായ വിവരങ്ങൾ

8. അപേക്ഷിക്കുന്ന ലൈസൻസിന്റെ സ്വഭാവം ഒരാഫീസിലേക്കോ (പേരു പറയണം) ഒരു ജില്ലക്കോ (പേരു പറയണം) മുഴുവൻ സംസ്ഥാനത്തേക്കോ എന്ന്

9. അടച്ച ഫീസിന്റെ തുക, ചെല്ലാൻ രസീതിന്റെ തീയതി, ട്രഷറിയുടെ പേര് എന്നിവ ഇവിടെ ചേർക്കണം.

10. മുമ്പെപ്പോഴെങ്കിലും ലൈസൻസിനുള്ള ഒരു അപേക്ഷ നിരസിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ എന്ത് കാരണത്താൽ, വിശദവിവരം കാണിക്കുക

### പ്രഖ്യാപനം

................................(ഇവിടെ മുഴുവൻ പേരും ചേർക്കുക) എന്ന ഞാൻ എപ്പോഴെങ്കിലും അർഹതപ്പെട്ട അധികാര പരിധിയിലുള്ള ഒരു കോടതിയാൽ സ്ഥിരബുദ്ധിയില്ലാത്തവനാണെന്ന് പ്രഖ്യാപിക്കപ്പെടുകയോ സാന്മാർഗികാധഃപതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുറ്റത്തിനു ശിക്ഷിക്കപ്പെടുകയോ നിസ്വനാണെന്ന് വിധിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നും ഇവിടെ നൽകിയിട്ടുള്ള വസ്തുതകളും വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം പരമാവധി സത്യവും ശരിയുമാണെന്നും ഇതുമൂലം അപേക്ഷിക്കുന്ന ലൈസൻസ് ഞാൻ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും ഇതിനാൽ സഗൗരവം പ്രഖ്യാപിച്ചുകൊള്ളുന്നു.

സ്ഥലം ..............                                        ഒപ്പ്

തീയതി .............

**ഉള്ളടക്കം** – ചെല്ലാൻ രസീത്

**കുറിപ്പ്** – ഈ അപേക്ഷയുടെ ബലത്തിൽ കൊടുക്കപ്പെടുന്ന ലൈസൻസ്, ഏതെങ്കിലും സമയത്ത് ഇതിന്മേലുള്ള ഏതെങ്കിലും വ്യവസ്ഥയോ വിവരമോ സത്യമല്ലെന്നോ ശരിയല്ലെന്നോ കണ്ടാൽ സസ്പെന്റ് ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ബാദ്ധ്യസ്ഥമാകുന്നതാണ്.

നമ്പർ ...........

സബ് രജിസ്ട്രാറാഫീസ്,
തീയതി.........................

**ശുപാർശ**

ജില്ലാ രജിസ്ട്രാർക്ക്
.................................

സബ് രജിസ്ട്രാർ,

---

നമ്പർ ...........

ജില്ലാ രജിസ്ട്രാറാഫീസ്,
തീയതി.........................

**ശുപാർശ**

ജില്ലാരജിസ്ട്രാർ,

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്
.................................

---

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

തീയതി.........................

**കൽപ്പന**

ലൈസൻസ് നമ്പർ ..............
നൽകിയ തീയതി...................

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

# ഫാറം ബി

ചട്ടം 8 കാണുക

## സ്ക്രൈബ് ലൈസൻസിനുള്ള അപേക്ഷ

1. അച്ഛന്റെയോ (അമ്മയുടെയോ / കാരണവന്റെയോ) പേരു സഹിതമുള്ള മുഴുവൻ പേര്

**മേൽവിലാസം:–** സ്ഥിരം വീട്ടു മേൽവിലാസം. വീടിന്റെ പൂർണ്ണവിവരങ്ങളോട് കൂടിയ സ്ഥലം മേൽവിലാസം

2. കര, താലൂക്ക്, ടൗണിൽ, മുനിസിപ്പൽ വീട്ടുനമ്പർ എന്നിവയുണ്ടെങ്കിൽ അവയുടെ പേരും മറ്റു കേസുകളിൽ സെൻസസ് നമ്പരും.

3. വയസ്സും ജനനത്തീയതിയും (ക്രിസ്തുവർഷത്തിൽ)

4. ജാതിയോ, പൗരത്വമോ

5. വിദ്യാഭ്യാസ യോഗ്യതകൾ

6. സ്ക്രൈബ് എന്ന നിലയിലുള്ള സേവനം താൻ ബന്ധപ്പെട്ടിട്ടുള്ള ആധാരമെഴുത്തുകാരന്റെ പേര്, കഴിഞ്ഞ ഒരുവർഷക്കാലം അയാൾ പകർത്തിയെഴുതിയ ആധാരങ്ങളുടെ ഏകദേശ എണ്ണം സഹിതം

7. അപേക്ഷകൻ സ്ക്രൈബുകൾക്കുള്ള പരീക്ഷ പാസ്സായിട്ടുണ്ടോ (സർട്ടിഫിക്കറ്റിന്റെ വിശദ വിവരങ്ങൾ നൽകുക)

8. അടക്കം ചെയ്തിരിക്കുന്ന ചെലാൻ രസീതിന്റെ തുകയും നമ്പരും തീയതിയും തുക അടച്ച ട്രഷറിയുടെ പേരും

9. അപേക്ഷിക്കുന്ന ലൈസൻസിന്റെ സ്വഭാവം (ഒരാഫീസിലേയ്ക്കോ ഒരു ജില്ലയ്ക്കോ മുഴുവൻ സംസ്ഥാനത്തേക്കോ എന്ന്)

### പ്രഖ്യാപനം

................................ എന്ന ഞാൻ എപ്പോഴെങ്കിലും അർഹതപ്പെട്ട അധികാര പരിധിയിലുള്ള ഒരു കോടതിയാലും സ്ഥിരബുദ്ധിയില്ലാത്തവനാണെന്ന് (പ്രഖ്യാപിക്കപ്പെടുകയോ സാന്മാർഗികാധ:പതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുറ്റത്തിനു ശിക്ഷിക്കപ്പെടുകയോ നിസ്വനാണെന്ന് വിധിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നും ഇവിടെ നൽകിയിട്ടുള്ള വസ്തുതകളും വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം പരമാവധി സത്യവും ശരിയുമാണെന്നും ഇതുമൂലം അപേക്ഷിക്കുന്ന ലൈസൻസ് ഞാൻ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും ഇതിനാൽ സഗൗരവം പ്രഖ്യാപിച്ചുകൊള്ളുന്നു.

സ്ഥലം ............... ഒപ്പ്

തീയതി .............

**ഉള്ളടക്കം –** ചെല്ലാൻ രസീത്

**കുറിപ്പ്** – ഈ അപേക്ഷയുടെ ബലത്തിൽ കൊടുക്കപ്പെടുന്ന ലൈസൻസ്, ഏതെങ്കിലും സമയത്ത് ഇതിലുള്ള ഏതെങ്കിലും വ്യവസ്ഥയോ വിവരമോ സത്യമല്ലെന്നോ, ശരിയല്ലെന്നോ കണ്ടാൽ സസ്പെന്റ് ചെയ്യുന്നതിനോ, റദ്ദ ചെയ്യുന്നതിനോ ബാദ്ധ്യസ്ഥമാകുന്നതാണ്.

---

നമ്പർ ...........

സബ് രജിസ്ട്രാറാഫീസ്,
തീയതി.........................

**ശുപാർശ**

ജില്ലാ രജിസ്ട്രാർക്ക്
..................................

സബ് രജിസ്ട്രാർ,

---

നമ്പർ ...........

ജില്ലാ രജിസ്ട്രാറാഫീസ്,
തീയതി.........................

**ശുപാർശ**

ജില്ലാരജിസ്ട്രാർ,

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്
..................................

---

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

തീയതി.........................

**കൽപ്പന**

ലൈസൻസ് നമ്പർ ...............
നൽകിയ തീയതി....................

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

**ഫാറം ഐ**

(ചട്ടം 10 (4) കാണുക)

**ആധാരം തയ്യാറാക്കുന്നവരുടെയും / ആധാരം കൈപ്പട എഴുതുന്നവരുടെയും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ**

1. പേരും അച്ഛന്റെയോ (അമ്മയുടെയോ കാരണവന്റെയോ) പേരും

2. മേൽവിലാസം, സ്ഥിരമായ വീട്ടു മേൽവിലാസം.

3. പ്രാദേശിക വിലാസവും വീട്ടുപേരുണ്ടെങ്കിൽ അത്, കര, പകുതി, താലൂക്ക് എന്നിവയെപ്പറ്റിയുള്ള വിവരങ്ങളും

4. ലൈസൻസ് നമ്പരും അതേപ്പറ്റിയുള്ള വിവരങ്ങളും.

5. ലൈസൻസ് എത്ര കാലത്തേയ്ക്കാണ് പുതുക്കേണ്ടത് എന്ന്

6. കഴിഞ്ഞ തവണ ലൈസൻസ് പുതുക്കിയ തീയതി.

7. ചല്ലാൻ രസീതിലെ തുകയും നമ്പരും തീയതിയും ട്രഷറിയുടെ പേരും.

**പ്രഖ്യാപനം**

................................ എന്ന ഞാൻ കഴിഞ്ഞ ................................വർഷങ്ങൾക്കകം എപ്പോഴെങ്കിലും തക്ക അധികാരമുള്ള യാതൊരു കോടതിയാലും സ്ഥിരബുദ്ധിയില്ലാത്തവനാണെന്ന് പ്രഖ്യാപിക്കപ്പെടുകയോ സാന്മാർഗീകാധഃപതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുറ്റത്തിന് ശിക്ഷിക്കപ്പെടുകയൊ നിസ്വനാണെന്ന് തീർപ്പ് കൽപ്പിക്കപ്പെടുകയൊ ചെയ്തിട്ടില്ലെന്ന് ഇതിനാൽ സത്യനിഷ്ഠയോടെ പ്രഖ്യാപിച്ചുകൊള്ളുന്നു.

സ്ഥലം .............. ഒപ്പ്
തീയതി ............. മുഴുവൻ പേര്....................................

**ഉള്ളടക്കം** – ചെല്ലാൻ രസീത്

കുറിപ്പ്:– ഈ അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വസ്തുതയോ, വിവരമോ കള്ളമാണെന്നോ സത്യവിരുദ്ധമാണെന്നോ, തെറ്റാണെന്നോ കണ്ടാൽ അപേക്ഷയിൽ നൽകപ്പെടുന്ന പുതുക്കിയ ലൈസൻസ് ഏതവസരത്തിലും സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

നമ്പർ ..........

സബ് രജിസ്ട്രാറാഫീസ്,
തീയതി........................

**ശുപാർശ**

ജില്ലാ രജിസ്ട്രാർക്ക്
..................................

സബ് രജിസ്ട്രാർ,

---

നമ്പർ ..........

ജില്ലാ രജിസ്ട്രാറാഫീസ്,
തീയതി........................

**ശുപാർശ**

ജില്ലാരജിസ്ട്രാർ,

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്
..................................

---

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

തീയതി........................

**കൽപ്പന**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ.......................................................ൽ അവസാനിക്കുന്ന..........................
...............................വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കിയിരിക്കുന്നു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ